"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - തൃശ്ശൂർ ജില്ലയിൽ 29/07/2024 തീയതിയിൽ ഉണ്ടായ കനത്ത മഴയിൽ വീട് വാസയോഗ്യമല്ലാതായിതീർന്ന ശ്രീ കരീം, വട്ടപറമ്പിൽ വീട് എന്നവർക്ക് പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.318/2026/DMD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-
1) GO(Ms) 25/2019/DMD തീയതി 23/08/2019 .
2) തൃശ്ശൂർ ജില്ലാ കളക്ടറുടെ 18-07-2025 -ലെ DCTSR/11167/2024-കെ 1 നമ്പർ കത്ത്.
3) തൃശ്ശൂർ ജില്ലാ കളക്ടറുടെ DC/TSR/78/2024/DM നമ്പർ ഉത്തരവ്.
4) സ.ഉ(സാധാ) നം. 208/2026/DMD തീയതി 11/05/2026

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിൽ 29/07/2024 തീയതിയിൽ കനത്ത മഴയിൽ ശ്രീ. കരിം, S/o മുഹമ്മദ്, വട്ടപറമ്പിൽ വീട്, കാളിയാ റോഡ് പി.ഒ., ചേലക്കര- യുടെ വീടിന് മുകളിലേക്ക് മണ്ണ് ഇടിഞ്ഞു വീണ എന്നും, തഹസിൽദാർ,ചേലക്കര, ജില്ലാ ജിയോളജിസ്റ്റ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ സംയുക്ത സ്ഥല പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ കുടുംബത്തെ സ്ഥിരമായി മാറ്റി പാർപ്പിക്കണമെന്നും അപേക്ഷകന്റെ പേരിൽ കേരളത്തിൽ മറ്റെവിടെയും വാസയോഗ്യമായ സ്ഥലം നിലവിലില്ല എന്നും പരാമർശം (2) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) അപേക്ഷകന്റെ വീടിന് നാശനഷ്ടം സംഭവിച്ചതിനുള്ള നഷ്ടപരിഹാരമായി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) പരാമർശം (3) ഉത്തരവ് പ്രകാരം ടിയാന് റിലീഫ് പോർട്ടലിൽ നിന്ന് അനുവദിച്ചിട്ടുള്ളതായി തലപ്പിള്ളി തഹസിൽദാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ കനത്ത മഴയിൽ മണ്ണിടിച്ചിലിൽ വീട് വാസയോഗ്യമല്ലാതായിത്തീർന്ന ശ്രീ കരിം, S/o മുഹമ്മദ്, വട്ടപറമ്പിൽ വീട് എന്നിവർക്ക് അപകടസാധ്യതാ മേഖലയിൽ നിന്ന് മാറി വീടും സ്ഥലവും വാങ്ങുന്നതിനായി റിലീഫ് പോർട്ടലിൽ നിന്ന് മുൻപ് അനുവദിച്ചിട്ടുള്ള 1,00,000/- ലക്ഷം രൂപ കിഴിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 9,00,000/- (ഒമ്പത് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു".

4) പരാമർശം (4) ലെ ഉത്തരവ് ഇതിനാൽ റദ്ദാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനാറാണി ജി.എസ്സ്.
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 29-07-2026
11:27:19

സെക്ഷൻ ഓഫീസർ